## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3793 31/01/2014- ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷൻ നൽകുന്നതിന് വികലാംഗർക്കും അഗതികൾക്കും മുൻഗണന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി കണക്ഷൻ നൽകുന്നതിന് വികലാംഗർക്കും അഗതികൾക്കും എന്തെങ്കിലും തരത്തിലുള്ള സൗജന്യങ്ങളോ മുൻഗണനകളോ നൽകുന്നുണ്ടോ; | (എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2005, വകുപ്പ് 7(1) പ്രകാരം 500 വാട്ട്സ് വരെ കണക്റ്റഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികൾക്കും, വികലാംഗർക്കും, 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡ് ഉള്ള SC/ST അപേക്ഷകർക്കും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്റ്റഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം ബോർഡ് നല്കിയിട്ടുണ്ട്. ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന വികലാംഗർക്കും ഈ ആനുകൂല്യം ലഭിക്കുന്നതാണ്.<br>അപേക്ഷ സമർപ്പിയ്ക്കുന്നതനുസരിച്ചും സെക്യൂരിറ്റി ഡെപ്പോസിറ്റും, സൗജന്യ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ കണക്ഷൻ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്ന മുറയ്ക്കും വൈദ്യുതി കണക്ഷന് മുൻഗണന നൽകുന്നതാണ്. |

(. . . . . 2)

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിഭാഗത്തിനായി മുൻഗണന നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(ബി) 1000 വാട്ട്സ്, വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള അപേക്ഷകർ, 1000 വാട്ട്സിനു താഴെ കണക്ടഡ് ലോഡുള്ള മറ്റ് പാവപ്പെട്ട അപേക്ഷകർ, വികലാംഗർ തുടങ്ങിയവർക്ക് ലൈൻ നീട്ടൽ ഉൾപ്പെടെയുള്ള (235 മീറ്റർ വരെ) സിംഗിൾ ഫേസ് ഗാർഹിക വൈദ്യുതി കണക്ഷനുകൾ സൗജന്യമായി നൽകുന്നതിനുള്ള പ്രവൃത്തികൾ ഒരു പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് ബോർഡ് റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇത് റഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ